entri

# Current affairs 30 Nov 2025

**ലോക കമ്പ്യൂട്ടർ സുരക്ഷ ദിനം**

നവംബർ 30

- കമ്പ്യൂട്ടർ ഹാക്കിങ്, വൈറസുകൾ, ഡേറ്റ മോഷണം, ദുരുപയോഗം തുടങ്ങിയവയെല്ലാം സൈബർ കുറ്റകൃത്യങ്ങളാണ്. ഇവക്കെതിരായ ബോധവത്കരണമെന്ന നിലക്കാണ് നവംബർ 30 ലോക കമ്പ്യൂട്ടർ സുരക്ഷ ദിനമായി ആചരിക്കുന്നത്.

---

**ഫിഫ ലോകകപ്പ് ഫുട്ബോളിന് യോഗ്യതനേടിയ ഏറ്റവും ജനസംഖ്യ കുറഞ്ഞ രാജ്യം**

കുറാസോ

- കരീബിയൻ മേഖലയിൽ സ്ഥിതിചെയ്യുന്ന ചെറിയ ദ്വീപ് രാഷ്ട്രമാണ് കുറാസോ. 1,56,115 ജനസംഖ്യയുള്ള രാജ്യത്തിന് 444 ചതുരശ്ര കിലോമീറ്റർ മാത്രമാണ് വിസ്തീർണം.
- മൂന്നരലക്ഷത്തിലധികം ജനസംഖ്യയുള്ള, 2018-ൽ യോഗ്യത നേടിയ ഐസ്‌ലൻഡിന്റെ റെക്കോഡാണ് കുറാസോ മറികടന്നത്.

---

**2027ലെ ഐക്യരാഷ്ട്രസഭയുടെ കാലാവസ്ഥാ വ്യതിയാന സമ്മേളനത്തിന്റെ (COP32) വേദി**

അഡിസ് അബാബ, എത്യോപ്യ

---

**ഇന്ത്യയുടെ സാമ്പത്തിക സഹായത്തോടെ നിർമ്മിച്ച ഹനീമാധു അന്തരാഷ്ട്ര വിമാനത്താവളം സ്ഥിതി ചെയ്യുന്ന രാജ്യം**

മാലിദ്വീപ്

---

**2025 നവംബറിൽ പ്രോജക്ട് ചീറ്റയുടെ ഭാഗമായി 8 ചീറ്റകളെ ഇന്ത്യക്ക് കൈമാറിയ രാജ്യം**

ബോട്സ്വാന

- രാജ്യത്ത് ചീറ്റപ്പുലികൾക്കുണ്ടായ വംശനാശത്തെതുടർന്നാണ് 2022 സെപ്റ്റംബറിൽ പ്രോജക്ട് ചീറ്റയ്ക്ക് കേന്ദ്രസർക്കാർ രൂപം നൽകിയത്.











4.8 ★ Download the app now | Learn in Malayalam